COCHIN LEGISLATIVE COUNCIL.

Tuesday, the *12th March, 1935.*
28th Kumbhom, 1110.

The House met at half past eleven with M. R. Ry. P. Krishna Menon Avl. in the Chair. Messrs. C. Barton Wright, E. Ikkanda Warriar, Ismail Hajee Issa Sait, C. N. Ittiravi Nambudiri, A. I. Mani, K. T. Mathew, K. G. Nair, C. A. Ouseph and Popatlal Goverdhan Lalan were absent.

QUESTIONS AND ANSWERS.

Bhajana Mutt—Depressed Classes of Mulavukad.

277. മിസ്റ്റർ കെ. പി. വള്ളോൻ:—മുളവുകാട്ട് പണിചെയ്യിട്ടുള്ള അധഃകൃതഭജനമഠത്തിനു ഗവൺമെന്റിൽനിന്നും വല്ല സംഖ്യയും ചിലവു ചെയ്യിട്ടുണ്ടോ? ഇല്ലെങ്കിൽ ഭജനമഠത്തിന്റെ ചിലവ് ആരുചെയ്യും;

ടി ഭജനമഠപ്പറമ്പിനു ആകെ ഗവൺമെന്റിൽനിന്നും ചിലവായിട്ടുള്ള സംഖ്യയെത്ര;

വരവെത്ര?

രാമവർമ്മതമ്പുരാൻ:—ഇല്ല. ഭജനമഠം ഇരിക്കുന്ന പറമ്പുമാത്രം ഗവൺമെന്റിൽനിന്നും വാങ്ങിച്ചു കൊടുത്തിട്ടുണ്ട്. ഭജനമഠം പണിയിച്ചത് മുളവുകാട്ട പുലയസമാജത്തിൽ നിന്നാണെന്നറിയുന്നു.

ഭജനമഠം പറമ്പിനു നൽവന്ന കരം വിലയായിട്ടുണ്ട്.

വരവൊന്നുമില്ല.

മിസ്റ്റർ കെ. പി. വള്ളോൻ:—സ്ഥലത്തുനിന്നും വല്ലതും വരായ്കയുണ്ടോ എന്നു ഗവൺമെൻറ് അന്വേഷിക്കാറുണ്ടോ?

രാമവർമ്മതമ്പുരാൻ:—പ്രത്യേകിച്ചു് അന്വേഷിക്കാറില്ല. ആക്ഷേപം കിട്ടിയാൽ അന്വേഷിക്കാം.

മിസ്റ്റർ കെ. പി. വള്ളോൻ:—ഇതുവരെ ആ ആദായം ആരെടുത്തു എന്നു് അന്വേഷിക്കാമോ?

രാമവർമ്മതമ്പുരാൻ:—അന്വേഷിക്കാം.

Cocoanut Saplings—Depressed Class Colonies.

278. മിസ്റ്റർ കെ. പി. വള്ളോൻ:—അധഃകൃതകോളനികളിൽ കൃഷിചെയ്യുവാൻ കാക്കത്തുരുത്തിയിൽനിന്നും കൊണ്ടുവരുന്ന തെങ്ങിൻതൈ കുറുക്കു് ഓരോന്നിനും എത്ര വിലയായിട്ടുണ്ട്; കൂലിച്ചിലവു് സംഖ്യയെത്ര; ഫ്രാവു-ൽ വെള്ളിക്കുളങ്ങര കാളവിയിൽ എത്ര തെങ്ങിൻതൈകൾ വച്ചു

LIBRARY ARCHIVES Kerala Legislative Assembly